ചിന്താഗതികളുമൊക്കെ നല്ലത് തന്നെ. പക്ഷേ ജാതിയുടെ മേധാവിത്വം ഇന്ന് രാഷ്ട്രീയത്തിലും സാമൂഹ്യജീവിതത്തിലും വളരെ പ്രകടമായി ശക്തമായി കൊണ്ടിരിക്കുകയാണ്. അതിന്റെയെല്ലാം പ്രധാനപ്പെട്ട ശക്തികേന്ദ്രം നമ്മുടെ നാട്ടിലെ യുവാക്കളാണ്. രാഷ്ട്രീയ മേഖലയിലെ മുഖ്യധാരയിൽ നിന്നും വിട്ടുപോയ യുവാക്കളെ മടക്കിക്കൊണ്ടുവരാൻ, ദേശീയ ജീവിതത്തിലെ മുഖ്യധാരയിലേക്ക് കൂട്ടികൊണ്ടുവരാൻ യുവജന നയം പ്രഖ്യാപിക്കുമ്പോൾ പ്രത്യേകമായ എന്തെങ്കിലും നടപടിയുണ്ടോ; യുവാക്കളെ ഒന്ന് മടക്കിക്കൊണ്ടു വരാൻ ഈ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ഏറ്റവും പ്രസക്തമായിട്ടുള്ള ഒരു കാര്യമാണ്. യുവാക്കളിലും പ്രത്യേകിച്ച് നമ്മുടെ സമൂഹത്തിലെ മറ്റാളുകളിലുമെല്ലാം തന്നെ ജാതിയും മതവും എന്ന ചിന്താഗതി വർദ്ധിച്ച് വരികയാണന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ വാദം ഏറ്റവും പ്രസക്തമാണ്.

മി. സ്പീക്കർ : തെരഞ്ഞെടുപ്പുകളിൽ ഇത് നോക്കാതെ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന കാര്യം നമുക്ക് ആലോചിക്കാൻ പറ്റുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇതെല്ലാം നമ്മളെല്ലാം തന്നെ അറിഞ്ഞോ അറിയാതെയോ ജാതിമത ചിന്തകൾ പ്രോൽസാഹിപ്പിക്കുന്ന നിലപാട് നമ്മൾ സ്വീകരിക്കാതിരിക്കുക എന്നുള്ളതാണ് ഏറ്റവും അടിസ്ഥാനപരമായിട്ടുള്ള കാര്യം. അതിന് നമ്മൾ കൂട്ടായി നിൽക്കണം.

മി.സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 183

ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലാഭശതമാനം

4 (*183) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് മൊത്തം ആസ്തിയുടെ എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തിക വർഷം വരുമാനമായി ലക്ഷ്യമിട്ടിരുന്ന തുക എത്രയാണ് ;

(സി) ഇതുവരെ എത്ര രൂപ വരുമാനമുണ്ടായിട്ടുണ്ട് ;

(ഡി) ഈ സാമ്പത്തിക വർഷം നഷ്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ എന്തുമാത്രം നഷ്ടമുണ്ടാകുമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ) :

(എ) ഏറ്റവും കുറഞ്ഞത് ആസ്തിയുടെ 3 ശതമാനമെങ്കിലും ലാഭമുണ്ടാക്കണമെന്നാണ് വ്യവസ്ഥ.

(ബി) ഈ സാമ്പത്തിക വർഷത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം വൈദ്യുതി വിതരണ ഇനത്തിൽ 1888 കോടി രൂപയുടെ വരുമാനമുണ്ടാകണം എന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 31.01.2000 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് ഉദ്ദേശം 1218 കോടി രൂപ വരുമാനമുണ്ട്.

(ഡി&ഇ) ഇല്ല, മറിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 73.65 കോടി രൂപ ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡുകൾ ഓരോ വർഷവും ആസ്തിയുടെ 3 ശതമാനമെങ്കിലും ലാഭമുണ്ടാക്കണമെന്നാണ് വ്യവസ്ഥ. സംസ്ഥാന വൈദ്യുതി ബോർഡിന് ഏതെങ്കിലും വർഷം മേൽപ്പറഞ്ഞ ലാഭമുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അത്രയും ലാഭമുണ്ടാക്കാനായി വേണ്ടി വരുന്ന തുക സർക്കാർ ധനസഹായമായി (സബ്സിഡി) നൽകാമെന്ന് 16-8-1995-ലെ സർക്കാർ ഉത്തരവിൽ സമ്മതിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ഇത്തരത്തിൽ ലഭിക്കേണ്ടതായ സബ്സിഡി കൂടി കണക്കിലെടുത്താണ് ബോർഡ് ലാഭം കണക്കാക്കിയിരിക്കുന്നത്.

ശ്രീ. പി. രാജു : ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് മൊത്തം ആസ്തിയുടെ 3 ശതമാനം ലാഭം ഉണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഈ 3 ശതമാനം എല്ലാ വർഷവും ഇലക്ട്രിസിറ്റി ബോർഡ് ഉണ്ടാക്കുന്നുണ്ടോ ; 3 ശതമാനം ലാഭം ഉണ്ടാക്കിയിരിക്കണമെന്ന വ്യവസ്ഥ ഉള്ളതുകൊണ്ട് താരിഫ് റേറ്റും, ഡിപ്പോസിറ്റുകളും വർദ്ധിപ്പിക്കാനുള്ള വ്യഗ്രത ഇലക്ട്രിസിറ്റി ബോർഡ് കാണിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : സപ്ലൈ ആക്ട് അനുസരിച്ച് ആസ്തിയുടെ 3 ശതമാനം ലാഭം ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ. അതനുസരിച്ച് 1995-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അപ്രകാരം ലാഭത്തിലേക്കെത്തുന്നതിന് തികയാതെ വരുന്ന തുക സർക്കാർ സബ്സിഡിയായി നൽകിക്കൊണ്ട് ലാഭം കാണിക്കുക, ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള 3 ശതമാനത്തിന്റെ ലാഭമാണ് ഇവിടെ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ ഈയൊരു ലാഭത്തിലേക്കെത്തുക എന്നതുകൊണ്ട് മാത്രമല്ല താരിഫും എസ്റ്റിമേറ്റ് തുകയും വർദ്ധിപ്പിക്കേണ്ടിവന്നത്. മെറ്റീരിയൽ കോസ്റ്റിന്റെ വർദ്ധനവിനേയും ഉൽപ്പാദനച്ചെലവ് വർദ്ധിക്കുന്നതിനേയും അടിസ്ഥാനമാക്കിക്കൊണ്ടാണ് സ്വാഭാവികമായും താരിഫ് വർദ്ധനവ് അനിവാര്യമായി തീരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : ഈ സാമ്പത്തിക വർഷം 1888 കോടി രൂപയാണ് വരുമാനമായി പ്രതീക്ഷിക്കുന്നത്. അതിൽ മന്ത്രി നൽകിയിട്ടുള്ള ഉത്തരത്തിൽ 1218 കോടി രൂപ ലഭിച്ചുവെന്നാണ്. ബാക്കി 670 കോടി രൂപ രണ്ട് മാസക്കാലം കൊണ്ട് ലഭിക്കേണ്ടതാണ്. അതുകൊണ്ട് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമോ? അതല്ലെങ്കിൽ ഇത് ഓരോ മാസവും ഒരു വർഷത്തെ മൊത്തം ലാഭം കണക്കാക്കി അല്ലെങ്കിൽ വരുമാനം കണക്കാക്കിയിട്ട് മാസാമാസം ഇത്ര ലക്ഷം രൂപ പിരിക്കണമെന്ന് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ? ബാക്കി 2 മാസക്കാലം കൊണ്ട് 670 കോടി രൂപ പിരിഞ്ഞ് കിട്ടാൻ ലക്ഷ്യമിട്ടിരിക്കുന്നത് പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷയുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇവിടെ വിശദീകരിക്കപ്പെട്ടത് ലഭ്യമായിട്ടുള്ള താൽക്കാലിക കണക്കനുസരിച്ചാണ്; പ്രതീക്ഷിച്ചിട്ടുള്ളത് 1888 കോടി രൂപയാണ്. ഇപ്പോൾ താൽക്കാലിക കണക്കനുസരിച്ച് ലഭിച്ചിട്ടുള്ളത് 1218 കോടി രൂപയാണ്. അവശേഷിക്കുന്നത് ഈ രണ്ട് മാസത്തിനിടയിൽ കുടിശ്ശിക പിരിച്ചെടുക്കാൻ വരവ് പ്രതീക്ഷിക്കുന്നതിനനുസരിച്ചുള്ള നടപടി സ്വീകരിക്കാനാണ് പ്രവർത്തനം നീങ്ങുന്നത്. രണ്ട് മാസം കഴിഞ്ഞതിനുശേഷമേ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ ഒരു ഉത്തരം പറയാൻ കഴിയുകയുള്ളൂ.

ശ്രീ ജോസ് ബേബി : 1999 സെംപ്റ്റംബറിൽ ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഡീസൽ വൈദ്യുതി നിലയങ്ങളിൽ ഉല്പാദനത്തിലുണ്ടായ ചെലവെത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; അതുമൂലം ബോർഡിന് പ്രത്യേകിച്ച് ഡീസൽ നിലയങ്ങളുടെ ഉല്പാദനത്തിൽ വല്ല നഷ്ടവും സംഭവിച്ചിട്ടുണ്ടോ എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഡീസൽ നിലയങ്ങൾക്കാണ് ജല വൈദ്യുത പദ്ധതികളെ അപേക്ഷിച്ച് കൂടുതൽ ചെലവ് വരുന്നത്. ഈ അധികചെലവ് ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യതയ്ക്കും വഴി വയ്ക്കുന്നതിൽ ഒരു പ്രധാനപ്പെട്ട ഘടകമാണ്. എന്നാൽ പവർകട്ട് ഒഴിവാക്കുന്നതിന്, കേരളത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുന്നതിന് വില കൂടുതൽ കൊടുക്കേണ്ടി വന്നാലും ഡീസൽ നിലയങ്ങളെ ആശ്രയിക്കാതിരിക്കാൻ പറ്റുകയില്ല. ഇത് പരിഗണിക്കുമ്പോൾ ഡീസൽ നിലയങ്ങൾ കേരളത്തിൽ സ്ഥാപിക്കപ്പെടുന്നത് ഒരിക്കലും അധിക പറ്റല്ല. അതുകൊണ്ട് കുറച്ച് സാമ്പത്തിക ബാദ്ധ്യത വന്നുചേർന്നിട്ടുണ്ട് എന്നത് ശരിയാണ്. ജല വൈദ്യുത പദ്ധതികളെ ആശ്രയിച്ചുകൊണ്ട് മാത്രം ഇന്നത്തെ സാഹചര്യത്തിൽ മുന്നോട്ടുപോകാൻ ബുദ്ധിമുട്ടാണ്. പക്ഷേ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഇവിടെ ഇപ്പോഴും കുറവു തന്നെയാണ്.

ശ്രീ. ജോസ് ബേബി : നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി മോഷണംമൂലം ബോർഡിന് ഭീമമായ നഷ്ടം ഉണ്ടാകുന്നതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ ബോർഡിലെ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ളവർ കക്ഷികളാണ് എന്നാണ്

പത്ര റിപ്പോർട്ടുകളും മറ്റും സൂചിപ്പിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; അക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : വൈദ്യുതി മോഷണത്തെ അടിസ്ഥാനമാക്കി ഏതെങ്കിലും ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വൈദ്യുതി മോഷണം ഈ മേഖലയിൽ നടക്കുന്നുണ്ട്. ഇവിടെത്തന്നെ അവതരിപ്പിച്ച ഊർജ്ജനയത്തിൽ ആ കാര്യം വ്യക്തമാക്കികൊണ്ട് ആന്റി പവർ തെഫ്റ്റ് സ്കാഡ് സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് ആന്റി പവർ തെഫ്റ്റ് സിസ്റ്റം ഇതിനകം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം കൂടുതൽ സുശക്തമാക്കിത്തീർക്കുന്നതിനും സജ്ജമാക്കുന്നതിനും വേണ്ടുന്ന നടപടി തുടർന്ന് സ്വീകരിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് 3 ശതമാനം പ്രോഫിറ്റ് ഉണ്ടാക്കണം എന്ന് ഇവിടെ പറഞ്ഞു. അതിനുപോലും പ്രയാസമുള്ളതുകൊണ്ടാണ് ബോർഡ് നൽകിയിരുന്ന സബ്സിഡി ഗവൺമെന്റ് റീ-ഇംബേഴ്സ് ചെയ്യുകയെന്ന് 1995-ലെ വ്യവസ്ഥയിൽ പറഞ്ഞിരുന്നു. അതിനു പോലും പ്രയാസമാണെന്ന് ആ ഭാഗത്തും ഈ ഭാഗത്തുമുള്ള എല്ലാവരും സമ്മതിക്കുമ്പോൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ച നയത്തിൽ 16 ശതമാനം ലാഭമുണ്ടാക്കണമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് എസ്.എൻ.സി ലാവ്‌ലിന്റേയും കനേഡിയൻ ഗവൺമെന്റിന്റേയും വേൾഡ് ബാങ്കിന്റേയും ഒക്കെ നിർദ്ദേശമനുസരിച്ചാണോ ; അല്ലെങ്കിൽ അതിന് യാഥാർത്ഥ്യവുമായിട്ട് വല്ല ബന്ധവുമുണ്ടോ; ഈ 16 ശതമാനം ലാഭമുണ്ടാക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ അത് ഒഴിവാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ ; ആ കൂട്ടത്തിൽ തന്നെ ഗവൺമെന്റ് യു.പി. യിലും ഇവിടെയുമൊക്കെ വിഭജനം നടത്തി. പിന്നെ പ്രൈവറ്റ് പ്രോഫിറ്റ് സെന്റർ. ചുരുങ്ങിയത് ആ പേരെങ്കിലും ഒന്ന് മാറ്റി കാനഡയേയും അമേരിക്കയേയും തൃപ്തിപ്പെടുത്താനുള്ള ആ പേരിന് പകരം സർവീസ് സെന്റർ എന്ന പേരിടാൻ ഈ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. എസ്. ശർമ്മ: നിലവിലുള്ള സപ്ലൈ ആക്ടിൽ അസറ്റിന്റെ 3 ശതമാനം ലാഭം കാണിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പുതിയ പ്രോഫിറ്റ് സെന്ററുകൾ വരുന്നതിന്റെ ഭാഗമായി 16 ശതമാനം ലാഭം കാണിച്ചിരിക്കണം. ലാഭം ഉണ്ടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. സപ്ലൈ ആക്ടിൽ അസറ്റിന്റെ 3 ശതമാനമാണെങ്കിൽ നയത്തിൽ വ്യക്തമാക്കിയിട്ടുള്ളതും ഗവൺമെന്റ് കണക്കാക്കുന്നതും ബോർഡ് അംഗീകരിക്കുന്നതും ഇക്വിറ്റി ഷെയറിന്റെ 16 ശതമാനമാണെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ ഇതിന് മുൻപ് ചേർന്നിട്ടുള്ള രണ്ടോ മൂന്നോ സെഷനിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം ഉന്നയിച്ചതിനുശേഷം ഒരു സൂക്ഷ്മമായ പഠനം ഈ കേന്ദ്രത്തിൽ നടത്തിയതിനെ തുടർന്ന് മനസ്സിലാക്കിയിട്ടുള്ളതും വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ഇക്വിറ്റിയുടെ 16 ശതമാനവും 3 ശതമാനവും തുകയുടെ കാര്യത്തിൽ അടിസ്ഥാന പരമായി വ്യത്യാസമില്ല. ഇത് മൂന്ന് കേന്ദ്രങ്ങളായിട്ടാണ്. പ്രോഫിറ്റ് സെന്ററുകൾ നിശ്ചയിക്കുമ്പോൾ ഉല്പാദനത്തിൽ വരുന്ന ചെലവ് എത്ര, ട്രാൻസ്മിഷന്റെ ലോസ് എത്ര എന്ന് കൃത്യമായി മനസ്സിലാക്കാനാകും. അങ്ങനെ വേർതിരിച്ച് കാര്യങ്ങൾ തിരിച്ചറിയുന്നതിനും എഫിഷ്യൻസി വർദ്ധിപ്പിച്ചെടുക്കുന്നതിനും ബോർഡ് കുറെകൂടി സുശക്തമായി കൊണ്ട് വരുന്നതിന് സഹായിക്കുന്നതിനും വേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പ്രോഫിറ്റ് എന്നുള്ളത് സാങ്കേതികമായ ലാഭം എന്നതിനെ മാത്രം അടിസ്ഥാനമാക്കിക്കൊണ്ടല്ല. ജനറേഷൻ രംഗത്തായാലും ട്രാൻസ്മിഷൻ രംഗത്തായാലും അതുപോലെ ഡിസ്ട്രിബ്യൂഷൻ രംഗത്തായാലും ഈ സെന്ററുകൾ ഒരു അക്കൗണ്ടബിലിറ്റി കേന്ദ്രങ്ങളായിരിക്കുക, ഉത്തരവാദിത്തപ്പെട്ട കേന്ദ്രങ്ങൾ ആയിരിക്കുക എന്നതാണ് അടിസ്ഥാനപരമായി ഗവൺമെന്റ് കണക്കാക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായി മറ്റൊരു രൂപത്തിൽ ഇതിലേക്ക് മാത്രം ലക്ഷ്യം വച്ചുകൊണ്ട് ലാഭത്തെ മാത്രം അടിസ്ഥാനമാക്കി സോഷ്യൽ സർവീസ് സെക്ടർ ഉണ്ട്. ഗവൺമെന്റിന് ജനങ്ങളോടുള്ള ഉത്തരവാദിത്വവും ചുമതലയുമൊക്കെ നിറവേറ്റുന്നതിന് ഇന്ന് തുടർന്ന് വരുന്നതിൽ നിന്നും വ്യത്യസ്ഥമായി കുറെകൂടി ഉത്തരവാദപ്പെട്ടതും എന്നാൽ എഫിഷ്യൻസി സംസ്ഥാനത്തിന് പ്രയോജനപ്പെടും എന്ന് ഉറപ്പ് വരുത്തുന്നതുമായിരിക്കണം. അദ്ദേഹം ചോദിച്ച ഒരു ചോദ്യത്തിൽ രണ്ട് കാര്യങ്ങൾ ചോദിച്ചു, യു.പി.യെ പോലെ എന്തിനാണ് വിഭജിക്കുന്നതെന്ന്. യു.പി. പ്രൈവറ്റ് സെക്ടറാണ്. ഇത് പൊതു മേഖലയെ നിലനിൽത്തിക്കൊണ്ട് തന്നെ എഫിഷ്യൻസി വികസിപ്പിച്ച് എടുക്കുന്നതിനുവേണ്ടിയുള്ള നടപടി ക്രമമാണ് കേരളത്തിൽ നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: വൈദ്യുതിയുടെ ഉല്പാദനവും അതുപോലെ തന്നെ ആവശ്യവും തമ്മിലുള്ള അന്തരം ഇപ്പോഴും നിലനിൽക്കുകയാണ്. അത് എത്രയെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിൽ തന്നെ വൈദ്യുതി ഉല്പാദനത്തിനുള്ള അനുവാദം കൊടുത്താൽ നിലവിലുള്ള അസറ്റ്സ് തന്നെ കുറച്ചുകൂടി മെച്ചപ്പെടുത്താൻ സാധിക്കും. അതുപോലെ തന്നെ വൈദ്യുതി താരിഫ് വർദ്ധിപ്പിക്കാനും സാധിക്കുകയില്ല. അക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡ് എന്തെങ്കിലും പ്രത്യേകമായിട്ടുള്ള നയം രൂപീകരിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ: 15-ാം പവർ സർവ്വേ അനുസരിച്ച് രണ്ടായിരമാണ്ടോടു കൂടി ഊർജം ആവശ്യം കണക്കാക്കിയിട്ടുള്ളത് 2763 മെഗാവാട്ടാണ്. 16-ാം പവർ സർവ്വേയുടെ ഡ്രാഫ്റ്റ് വന്നിട്ടുള്ളതിൽ അത്രയും വേണ്ടിവരില്ല എന്നാണ് പറഞ്ഞിരിക്കുന്നത് . ഡ്രാഫ്റ്റ് നമ്മൾ ഔദ്യോഗികമായി കണക്കാക്കിയിട്ടില്ല. അതിന്റെ ഒറിജിനൽ വരുന്നതിനെ അടിസ്ഥാനമാക്കിക്കൊണ്ട് മാത്രമേ ഒരു നിഗമനത്തിലെത്തിച്ചേരാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പോലെ ഊർജ ആവശ്യവും ഉപയോഗവും തമ്മിലുള്ള അന്തരം ഇതിനകം നല്ലതോതിൽ കുറച്ച് കൊണ്ട് വന്നിട്ടുണ്ട്. വൈദ്യുതിയില്ലാത്തതിന്റെ

പേരിൽ ഉപയോഗത്തിന്റെ കുറവും ഇപ്പോൾ സംസ്ഥാനത്തുണ്ടെന്ന് പറയാനാവില്ല. ഇപ്പോൾ സ്റ്റേറ്റ് നേരിടുന്ന പ്രധാന പ്രശ്നം, ഇപ്പോഴത്തെ സാഹചര്യത്തിൽ ഈയാണ്ടിലോ അടുത്ത ആണ്ടിലോ 2001-ലോ ഒക്കെയുള്ള ആവശ്യം ഇതാണ്. പക്ഷേ പ്രശ്നം സിസ്റ്റത്തിന്റെ ദൗർലഭ്യമാണ്. അതുകൊണ്ടാണ് നമുക്ക് ലോഡ് ഷെഡിംഗ് പിൻവലിക്കാൻ കഴിയാതെ വരുന്നത് . സ്വകാര്യ മേഖലയിൽ പുതിയ പ്രോജക്ട് ആരംഭിക്കുന്നതിന് വേണ്ടുന്ന നടപടിയിലേക്ക് പ്രവേശിച്ചാൽ ഈ ആവശ്യം പൂർണ്ണമായി പരിഹരിക്കാൻ കഴിയില്ലയെന്നാണ് ചോദ്യമായി ഉന്നയിച്ചത്. സ്വകാര്യ മേഖലയിൽ ഊർജ്ജോൽപ്പാദന രംഗത്ത് സ്വകാര്യമൂലധന നിക്ഷേപമാകാം എന്ന് നയപരമായി ഗവൺമെന്റ് കണ്ടിട്ടുണ്ട്. എന്നാൽ ട്രാൻസ്മിഷൻ രംഗത്തും ഡിസ്ട്രിബ്യൂഷൻ രംഗത്തും പൂർണ്ണമായും പൊതു ഉടമസ്ഥത തന്നെയായിരിക്കണം എന്നതാണ് പോളിസിയിൽ തന്നെ പ്രഖ്യാപിച്ചിട്ടുള്ളത്. പുതിയ പ്രോജക്ടുകൾ പ്രൊമോട്ടു ചെയ്തുകൊണ്ട് വരുന്നതിനു വേണ്ടിയിട്ടുള്ള നടപടി ഗൗരവത്തോടുകൂടി ഇതിനകം സ്വീകരിച്ച് വരുന്നുണ്ട്.

ശ്രീ. കെ. എം. മാണി: സർ, വൈദ്യുതി ബോർഡ് സ്വകാര്യവൽക്കരിക്കണം എന്നുള്ള കേന്ദ്ര നയത്തോട് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ: സർ, വൈദ്യുതി മന്ത്രിമാരുടെ തന്നെ കോൺഫറൻസ് ഈ കഴിഞ്ഞ ദിവസം ഡൽഹിയിൽ വിളിക്കുകയുണ്ടായി. 'ഇലക്ട്രിസിറ്റി ബിൽ രണ്ടായിരം' എന്നു പറഞ്ഞുകൊണ്ട് ഒരു ബിൽ ധൃതിപിടിച്ച് തയ്യാറാക്കിയിട്ടുണ്ട്. ആ ബിൽ വിവക്ഷിക്കുന്നതനുസരിച്ചാണെങ്കിൽ ലോകസഭ ബിൽ പാസാക്കിക്കഴിഞ്ഞാൽ രണ്ടായിരം ഡിസംബറിനുള്ളിൽ ഇന്ത്യയിലെ മുഴുവൻ ഇലക്ട്രിസിറ്റി ബോർഡുകളും പിരിച്ച് വിട്ടിരിക്കുക എന്നത് മാൻഡേറ്ററിയായി പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രൈം മിനിസ്റ്ററും, ധനകാര്യമന്ത്രിയും, ഊർജ്ജമന്ത്രിയും പ്ലാനിംഗ് കമ്മീഷന്റെ ഡെപ്യൂട്ടി ചെയർമാനും എല്ലാം ആ യോഗത്തിൽ ഉണ്ടായിരുന്നു. കേരളത്തിലെ ഗവൺമെന്റിന്റെ അഭിപ്രായം എന്നുള്ള നിലയിൽ, കൺകറണ്ട് ലിസ്റ്റിൽപ്പെട്ടിട്ടുള്ള ഒന്നാണ് ഇലക്ട്രിസിറ്റി. സംസ്ഥാനങ്ങളുടെ അഭിപ്രായം പരിഗണിക്കേണ്ടതായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ അല്ലാതെതന്നെ പൊതുമേഖലയിൽ എഫിഷ്യൻസി വികസിപ്പിച്ചെടുത്ത് ഇതൊരു തന്ത്രപ്രധാനമായ സെക്ടർ എന്നുള്ള നിലയിൽ പൊതുമേഖലയിൽ നിലനിർത്തുക എന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള ഈ ബിൽ ഫെഡറൽ സിസ്റ്റത്തെ ദുർബലപ്പെടുത്തുന്നതും, സംസ്ഥാനങ്ങളുടെ, ബോർഡുകളുടെ മുകളിലുള്ള എൻക്രോച്ചുമെന്റും ആയിരിക്കുമെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ ഈ ബില്ലിനോട് പൊതുവേ ഈ ഗവൺമെന്റിന് വിയോജിപ്പാണുള്ളത്. ഒരിക്കലും യോജിക്കുന്നില്ല എന്ന കാര്യം കേരളാ ഗവൺമെന്റ് കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു: സർ, കാപ്റ്റീവ് പ്രോജക്ടുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് പത്രവാർത്തകൾ വന്നിട്ടുണ്ട്. ആ സ്കീം എന്താണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കുമോ, പൊതുമേഖലാ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ അവർക്ക് തന്നെയായി നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? ഈ ഗവൺമെന്റ് വന്നതിനുശേഷം 140 ശതമാനം കറണ്ട് ചാർജ്ജ് വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനി ഈ ഗവൺമെന്റിന്റെ കാലയളവിൽ കറണ്ട് ചാർജ്ജ് വർദ്ധിപ്പിക്കില്ല എന്ന് അങ്ങ് ഈ സഭക്ക് ഉറപ്പ് നൽകുമോ ?

ശ്രീ. എസ്. ശർമ്മ : സർ, കാപ്റ്റീവ് പ്രോജക്ടിനെ സംബന്ധിച്ച് അതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുത്ത് കഴിഞ്ഞിട്ടില്ല. ഉൽപ്പാദന ചെലവിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ് വർദ്ധനവ് അനിവാര്യമാക്കേണ്ടി വരുന്നത്. അത്തരമൊരു സാഹചര്യം ഇതിന് മുൻപ് ഉണ്ടായിരുന്നു. ആ സാഹചര്യത്തിൽ വർദ്ധിപ്പിക്കേണ്ടി വന്നു. നാളെ എന്തായിരിക്കുമെന്നുള്ള കാര്യം ഇപ്പോൾ പറയുന്നത് യുക്തിസഹമായിരിക്കില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിൽ പദ്ധതി

5(*184) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽദാന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറാവുന്ന പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കളെ സഹായിക്കുന്നതിനായി നിലവിൽ എന്തൊക്കെ പദ്ധതികളാണുള്ളത് ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് ഒരു കുടുംബത്തിൽ ഒരാൾക്ക് എന്ന പ്രകാരം തൊഴിൽ നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തൊഴിദാന പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട യുവാക്കൾക്ക് പലിശ രഹിത വായ്പ, കുടിൽ വ്യവാസായ ശൃംഖല എന്നീ പദ്ധതികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly